**'ഭരണഭാഷ-മാതൃഭാഷ'**

**തിരുവനന്തപുരം പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ മുതിർന്ന ഭരണ കാര്യസ്ഥന്റെ നടപടി ഉത്തരവ്.**

*(നിലവിൽ: എ.കെ. മോഹന കുമാർ)*

വിഷയം: പൊ.മ.വ-ജീവനക്കാര്യം- മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പൊതുമരാമത്ത് വകുപ്പിലേക്ക് പുന:പ്രവേശിപ്പിച്ചുകൊണ്ടുളള ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്-

പരാമർശം: 31/07/2015 ലെ സ.ഉ. (അ) നമ്പർ 254/2015/ത.സ്വ.ഭ.വ

**ഉത്തരവ് നം: ഇഡി 1/7133/08 തീയതി 26/09/2015**

പരാമർശം 1 സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളിലേക്ക് താൽക്കാലികമായി വിന്യസിപ്പിച്ചിരുന്ന എൽ.എഡി. ക്ലാർക്കുമാരെ പരാമർശം 2 ഉത്തരവു പ്രകാരം മാതൃ വകുപ്പിലേക്ക് തിരികെ പ്രവേശിപ്പിക്കുവാൻ ഉത്തരവായി. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ സൂചിപ്പിച്ചിരിക്കുന്ന ജോൺസൺ. വി. ഫിലിപ്പ്, ക്ലാർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്ത് ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഇങ്ങനെ മാതൃ വകുപ്പിലേക്ക് തിരികെ പ്രവേശിച്ച ടിയാനെ പേരിന് നേരെയുളള ആഫീസിലേക്ക് പുനർനിയമനം നൽകി ഉത്തരവാകുന്നു.

ടിയാളുടെ പേരിനു നേരെ സൂചിപ്പിച്ച തീയതി മുതൽ ഈ വകുപ്പിൽ ജോലിയിൽ പ്രവേശിച്ചതായി കണക്കാക്കുന്നതാണ്.

| ക്രമ നമ്പർ | പേരും വിലാസവും | പുനർനിയമനം നൽകി നിയമിക്കുന്ന ആഫീസ് | റിപ്പോർട്ട് ചെയ്ത തീയതി |
|---|---|---|---|
| 1. | **ജോൺസൺ.വി. ഫിലിപ്പ്**<br>റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട | ബിൽഡിംഗ്സ് ഡിവിഷൻ പത്തനംതിട്ട | 17/09/2015 F.N |

ഒപ്പ്/-

**മുതിർന്ന ഭരണകാര്യസ്ഥൻ**

സ്വീകർത്താവ്

ജോൺസൺ. വി. ഫിലിപ്പ്, ക്ലാർക്ക്

പകർപ്പ്;

1. ബന്ധപ്പെട്ട നിയമന അധികാരിക്ക്
2. ഐ.റ്റിസെൽ/അധികകോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

**സീനിയർ സൂപ്രണ്ട്**

fc1